**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 614** **05-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ വൈദ്യുതി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ പമ്പ് ഹൗസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള നിബന്ധനകൾ വിശദമാക്കാമോ; | (എ) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു. 1. 30 സെന്റ് കൃഷി ഭൂമി ഉള്ളവരും അതിൽ 75% ത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവർ. II. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ. III. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ IV. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂ പരിധിയില്ല. മേൽ നിബന്ധനകൾ പാലിച്ച് കാർഷിക ജലസേചന സംവിധാനം ഒരുക്കുന്ന കർഷകർക്കാണ് കൃഷി ഭവൻ മുഖേന കാർഷികാവശ്യത്തിനായി വൈദ്യുതി കണക്ഷനു KSEB യ്ക്ക് ശുപാർശ ചെയ്യുന്നതും KSEBL വൈദ്യുത കണക്ഷൻ നൽകുന്നതും . |
| (ബി) | പ്രസ്തുത സംവിധാനങ്ങൾക്ക് വൈദ്യുതി നിരക്ക് ഏത് തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാർഷിക കണക്ഷനുകൾ LT- V A താരിഫ് വിഭാഗത്തിലും, കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായുമുള്ള കാർഷിക കണക്ഷനുകൾ LT-V B താരിഫ് വിഭാഗത്തിലുമാണ് നിലവിലെ താരിഫ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ കാർഷിക കണക്ഷനുകൾക്ക് ഈടാക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു. താരിഫ് LT-V A LT-V B ഫിക്സഡ് ചാർജ്ജ്(/kW/പ്രതിമാസം 10 10 എനർജി ചാർജ്( /kWh) 2.30 2.80 |
| (സി) | പമ്പ് ഹൗസ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് | (സി) | പമ്പ് ഹൗസിന് കാർഷിക കണക്ഷനുകൾ |

| | | | |
|---|---|---|---|
| | വൈദ്യുതി ലഭിക്കുന്നതിന് കെട്ടിട നമ്പർ ആവശ്യമുണ്ടോ; വ്യക്തമാക്കാമോ? | | ലഭിക്കുന്നതിനു കെട്ടിട നമ്പർ ആവശ്യമില്ല. എന്നാൽ കാർഷിക കണക്ഷനുകൾക്ക് ഘടിപ്പിക്കുന്ന വൈദ്യുതി മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കുവാൻ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിൽ ഉള്ള സംവിധാനം (Enclosure) ആവശ്യമാണ്. അംഗീകൃത ഇലക്ട്രീഷ്യൻ നൽകുന്ന Test cum completion സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് അപേക്ഷകൻ ഹാജരാക്കിയാൽ മതിയാകും. |

സെക്ഷൻ ഓഫീസർ